Jagratha 063

Vol-II, Issue :29
08-09-2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാന വാർത്തകൾ

*01. ജീവൻ നൽകിയും വിശ്വാസം സംരക്ഷിക്കും: കർദ്ദിനാൾ മാർ വിതയത്തിൽ*
*02. ക്രൈസ്തവർക്കു നേരേ പ്രത്യക്ഷവും പരോക്ഷവുമായ ആക്രമണങ്ങൾ: മാർ പവ്വത്തിൽ*
*03. ക്രൈസ്തവർക്കു സംരക്ഷണം നല്കണം: സിബിസിഐ*
*04. ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണത്തെ ശക്തമായി നേരിടും: ബിഷപ് ഡോ. ജോൺ തട്ടുങ്കൽ*
*05. നരഹത്യ അവസാനിപ്പിക്കുക: ഡോ. വർഗീസ് ചക്കാലക്കൽ*
*06. ഒറീസയിൽ കേന്ദ്രം സംരക്ഷണം ഉറപ്പാക്കണം: മാർ വർക്കി വിതയത്തിൽ*
*07. കത്തോലിക്കാ യുവജന സംഘടനകൾ പ്രതിഷേധ പ്രകടനം നടത്തി.*
*08. ഒറീസയിലെ നരവേട്ടയിൽ സഭ ദുഃഖിക്കുന്നു: തോമസ് പ്രഥമൻ കാതോലിക്കാബാവ*
*09. സമർപ്പിതർക്കെതിരെ ചില രാഷ്ട്രീയ ശക്തികൾ കുത്സിത പ്രവർത്തനം നടത്തുന്നു: ബിഷപ് ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ.*

### 01. ജീവൻ നൽകിയും വിശ്വാസം സംരക്ഷിക്കും: കർദ്ദിനാൾ മാർ വിതയത്തിൽ (01-09-2008)

ജീവൻ നൽകിയും വിശ്വാസം സംരക്ഷിക്കുമെന്ന് സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ പറഞ്ഞു. ഇന്നലെ രാവിലെ പത്തരയ്ക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്ക അങ്കണത്തിൽ നടന്ന ചടങ്ങിൽ വിശ്വാസ സംരക്ഷണ വാഹന ജാഥ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.പാഠപുസ്തകങ്ങൾ വഴി കുഞ്ഞുങ്ങളിൽ നിരീശ്വരത്വം കുത്തിവയ്ക്കാൻ അനുവദിക്കില്ല. ഇതിനു വേണ്ടി ജീവൻ നൽകാനും തയാറാണ്. ആന്ധ്രാപ്രദേശിൽ ഫാ.തോമസ് പാണ്ടിപ്പള്ളി ദാരുണമായി കൊലചെയ്യപ്പെട്ടതും വിശ്വാസത്തിനു വേണ്ടിയാണ്. ഒറീസയിൽ മതഭ്രാന്തർ ഇപ്പോഴും അഴിഞ്ഞാടുകയാണെന്നും അക്രമിക്കപ്പെടുന്ന ക്രൈസ്തവർക്കു പൂർണ സുരക്ഷ ഉറപ്പു വരുത്താൻ ഒറീസാ സർക്കാരിനും കേന്ദ്ര സർക്കാരിനും കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. വരാപ്പുഴ അതിരൂപതാ സഹായ മെത്രാൻ ഡോ.ജോസഫ് കാരിക്കശേരി സന്നിഹിതനായിരുന്നു. കത്തീഡ്രൽ ബസിലിക്ക വികാരി ഫാ.ആന്റണി പെരുമായൻ സ്വാഗതമാശംസിച്ചു.

### 02. ക്രൈസ്തവർക്കു നേരേ പ്രത്യക്ഷവും പരോക്ഷവുമായ ആക്രമണങ്ങൾ: മാർ പവ്വത്തിൽ (01-09-2008 )

ക്രൈസ്തവർക്കു നേരേ പ്രത്യക്ഷമായും പരോക്ഷമായും ആക്രമണങ്ങൾ വർധിക്കുകയാണെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. പിശാചിനും നടുക്കടലിനും മധ്യേയാണ് ഇപ്പോൾ ക്രൈസ്തവർ. ആലപ്പുഴ മാർസ്ലീവാ ഫൊറോനാ പള്ളിയിൽ മാർസ്ലീവാ സൺഡേ സ്കൂൾ സംഘടിപ്പിച്ച മാതാപിതാക്കളുടെ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വർഗീയ ആക്രമണങ്ങൾ ഒരർഥത്തിൽ രാജ്യത്തെ വിഭജിക്കുകയാണ്. പ്രത്യക്ഷമായ ആക്രമണത്തേപ്പോലെ തന്നെ ഗൗരവമേറിയതാണ് വിശ്വാസത്തെ തകർക്കുന്നതിനു വേണ്ടി നടക്കുന്ന പരോക്ഷ ആക്രമണങ്ങളും. ഒരു തലമുറയിൽ വിശ്വാസം ഇല്ലാതായാൽ അതു തിരികെ കൊണ്ടുവരിക അസാധ്യമാണ്- മാർ പവ്വത്തിൽ പറഞ്ഞു. ക്രൈസ്തവ വിശ്വാസികൾ അവരുടെ മക്കൾക്ക് വിശ്വാസം കൈമാറാൻ ബാധ്യസ്ഥരാണ്. താൻ ഇക്കാര്യം നേരത്തേ പറഞ്ഞപ്പോൾ അതിനെ തെറ്റായി വ്യാഖ്യാനിക്കാൻ ചിലർ ശ്രമിച്ചതായി അദ്ദേഹം പറഞ്ഞു.

ഭരണഘടനാ ശിൽപികൾ ന്യൂനപക്ഷങ്ങൾക്ക് നൽകേണ്ട സംരക്ഷണത്തേക്കുറിച്ച് അതിയായ താൽപര്യം പ്രകടിപ്പിച്ചു. ഇത് തങ്ങളുടെ ബാധ്യതയായി അവർ കരുതി. മതസ്വാതന്ത്ര്യവും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അവകാശവും ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനയിലൂടെ ഉറപ്പു നൽകി. എന്നാൽ ന്യൂനപക്ഷങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന കാര്യം ഇപ്പോൾ പലരും മറക്കുന്നു. ഭൂരിപക്ഷം ഹൈന്ദവസഹോദരരും സമാധാനപ്രിയരാണ്. ഒറീസയിൽ പലായനം ചെയ്യേണ്ടിവന്ന ക്രൈസ്തവർക്ക് ഹൈന്ദവരായ ഗ്രാമീണരാണ് ഭക്ഷണവും സംരക്ഷണവും നൽകിയത്. എന്നാൽ, ഒരു ന്യൂനപക്ഷം തീവ്രവാദികളായി മാറുന്നു. ഇതിന്റെ പേരിൽ ഹൈന്ദവരെ മുഴുവൻ കുറ്റപ്പെടുത്താൻ തയ്യാറല്ല. ചെറിയവിഭാഗം ആളുകൾ മാത്രം അക്രമം കാണിക്കുന്നു എന്നതിനാൽ ഇതു കുറച്ചുകാണാനും തയാറല്ല. ക്രൈസ്തവികമായ രീതിയിലുള്ള പ്രതിഷേധം അറിയിക്കും. വർഗീയവാദികളുടെ മാനസാന്തരത്തിനു പ്രാർത്ഥനയും ആവശ്യമാണ്. ന്യൂനപക്ഷങ്ങളെ ആക്രമിച്ച് അധികാരത്തിൽ എത്താം എന്നാണ് വർഗീയവാദികൾ കരുതുന്നത്- അദ്ദേഹം അഭിപ്രായപ്പെട്ടു.

## 03. ക്രൈസ്തവർക്കു സംരക്ഷണം നല്കണം: സിബിസിഐ (03-09-2008)

ക്രൈസ്തവരെ തെരഞ്ഞുപിടിച്ച് അക്രമണം തുടരുന്ന വർഗീയ സംഘനകളിൽ നിന്ന് ക്രൈസ്ത വർക്ക് സംരക്ഷണം നൽകണമെന്ന് സിബിസിഐ ആവശ്യപ്പെട്ടു. കഴിഞ്ഞ ദിവസം അഞ്ച് ഗ്രമങ്ങൾ ആക്രമിച്ചെന്നും ജയ്പൂർ ജില്ലയിലെ 10 പ്രാർത്ഥനാ ഹാളുകളും ഒരു ദേവാലയം, കോൺവെന്റ്, രണ്ട് ഹോസ്റ്റൽ എന്നിവ തകർത്തിട്ടുണ്ടെന്നും സിബിസിഐ അറിയിച്ചു. കൻധമൽ ജില്ലയിൽ വെടിവെക്കാൻ ഉത്തരവിട്ടിട്ടുണ്ടെങ്കിലും ദേവാലയങ്ങൾക്കും ക്രൈസ്തവ സ്ഥാപനങ്ങൾക്കുമെതിരേ അക്രമം വ്യാപിക്കുകയാണ്. വളരെ സ്വതന്ത്രമായ രീതിയിൽ ദേവാലയങ്ങൾ നശിപ്പിക്കുന്ന വർഗീയ സംഘടനകൾക്കെതിരേ നടപടിയെടുക്കാൻ സംസ്ഥാന സർക്കാരിൻമേൽ കേന്ദ്രം സമ്മർദം ചെലുത്തണം. ഒറീസയിൽ സമാധാനം പുനഃസ്ഥാപിക്കാൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് നടപടി സ്വീകരിക്കണമെന്നും സിബിസിഐ പത്രക്കുറിപ്പിൽ ആവശ്യപ്പെട്ടു.

## 04. ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണത്തെ ശക്തമായി നേരിടും: ബിഷപ് ഡോ. ജോൺ തട്ടുങ്കൽ (01-09-2008)

ക്രിസ്തുശിഷ്യന്മാരായതുകൊണ്ടുമാത്രം അവരെ ഉന്മൂലനം ചെയ്യുവാനും അവർക്കെതിരെ ആക്രമണം നടത്തുവാനും ചില ശക്തികൾ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്നതിനെതിരെ കൊച്ചി രൂപതയ്ക്ക് ശക്തമായ പ്രതിഷേധമുണ്ടെന്നും അതിനെ സഭാ വിശ്വാസികൾ ഒന്നടങ്കം സധൈര്യം നേരിടുമെന്നും കൊച്ചി ബിഷപ് ഡോ. ജോൺ തട്ടുങ്കൽ. കൊച്ചി രൂപത സമുദായ കാര്യാലയം സംഘ ടിപ്പിച്ച സമാധാന പ്രചാരണയജ്ഞം ജാഥ ബിഷപ് ഹൗസിനു സമീപം ഉദ്ഘാടനം ചെയ്തു പ്രസം ഗിക്കുകയായിരുന്നു ബിഷപ്.

ശത്രുക്കളെ ഉന്മൂലനം ചെയ്യുവാനല്ല സ്നേഹിക്കുവാനാണ് ക്രിസ്തു പഠിപ്പിക്കുന്നത്. ക്രൈസ്ത വരുടെ കൈവശമുള്ള ഏക ആയുധം പ്രാർത്ഥനയാണ്. ഇതിനു മുന്നിൽ മൂർച്ചയേറിയ മാരകായുധ ങ്ങൾ നിഷ്പ്രഭമാണെന്ന് ബിഷപ് ഡോ. ജോൺ തട്ടുങ്കൽ പറഞ്ഞു. ക്രൈസ്തവർ അനുഭവിക്കുന്ന വേദന ജനമധ്യത്തിൽ എത്തിക്കുക എന്നതാണ് സമാധാന പ്രചാരണയജ്ഞ ജാഥയുടെ ലക്ഷ്യമെന്ന് ജാഥ ക്യാപ്റ്റൻ സി.എക്സ് ബോണി പറഞ്ഞു.

## 05. നരഹത്യ അവസാനിപ്പിക്കുക: ഡോ. വർഗീസ് ചക്കാലക്കൽ (28-08-2008 )

ഒറീസയിൽ ക്രിസ്ത്യാനികൾക്കു നേരെ നടക്കുന്ന അതിനിന്ദ്യവും ക്രൂരവും പൈശാചികവുമായ നരഹത്യ അവസാനിപ്പിക്കണമെന്ന് കണ്ണൂർ ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ. ഈ തീ കത്തിപ്പടരാൻ അനുവദിക്കരുത്. ഇന്ത്യയുടെ മതേതരത്വത്തിന്റെയും സഹിഷ്ണുതയുടെയും നേർക്കു നടക്കുന്ന കടന്നാക്രമണത്തെ എല്ലാ രാജ്യസ്നേഹികളും അപലപിക്കേണ്ടതാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും പരിരക്ഷ നല്കാൻ ഒറീസയിലെ ഭരണ സംവിധാനത്തിന് കഴിയുന്നില്ലെങ്കിൽ മന്ത്രിസഭയെ തന്നെ പിരിച്ചുവിടാൻ കേന്ദ്ര ഗവൺമെന്റ് മടി കാണിക്കരുതെന്നും മന്ത്രിസഭയെക്കാൾ പ്രധാനപ്പെട്ടതാണ് രാജ്യത്തിന്റെ സഹിഷ്ണുതയുടെയും മതേതരത്വത്തിന്റെയും സംസ്കാരമെന്നും ബിഷപ് പറഞ്ഞു.

രാഷ്ട്രീയത്തിന്റെയോ മതത്തിന്റെയോ പേരിൽ വിഭാഗീയതയോ മുതലെടുപ്പോ നടത്താനുള്ള അവസരമായി ഇതിനെ ആരും കാണരുത്. രാജ്യത്തിന്റെ നിലനില്പിനുതന്നെ ഭീഷണി നേരിടുന്ന ഈ നിർണായക നിമിഷത്തിൽ എല്ലാ മനുഷ്യസ്നേഹികളും ഉണർന്ന് പ്രവർത്തിക്കാൻ തയാറാകണം. ഇന്ത്യയിലെ ഒരോ പൗരന്റെയും ജീവിതം വിലപ്പെട്ടതാണ്. അത് മതത്തിന്റെയോ രാഷ്ട്രീയത്തിന്റെയോ പേരിൽ പിച്ചിച്ചീന്താൻ അനുവദിക്കുന്ന സമൂഹമായി നാം തരംതാഴരുത്. ഒറീസയിലെ ക്രിസ്ത്യാനികൾക്കുനേരെ നടക്കുന്ന പീഡനങ്ങൾ അവസാനിക്കുന്നതോടൊപ്പം സ്വാമി ലക്ഷ്മണാനന്ദ സരസ്വതിയെയും നാലു അനുയായികളെയും കൊന്ന സാമൂഹികവിരുദ്ധരെ പിടികൂടാനും ശ്രമിക്കണം. സിബിസിഐയുടെ അഹ്വാനമനുസരിച്ച് വെള്ളിയാഴ്ച കണ്ണൂർ രൂപതയിലെ എല്ലാ വിദ്യാലയങ്ങളും അടച്ചിട്ടു പ്രതികരിക്കണമെന്ന് ബിഷപ് ആഹ്വാനം ചെയ്തു. സെപ്റ്റംബർ ഏഴിനു പ്രാർഥനാ ദിനമായി എല്ലാ ഇടവകകളും സ്ഥാപനങ്ങളും കുടുംബങ്ങളും ആചരിക്കണം. പൈശാചികതയെ ദൈവത്തിന്റെ അരൂപിയുടെ ശക്തിയാൽ നമുക്കു നേരിടാമെന്നും ബിഷപ് പറഞ്ഞു.

## 06. ഒറീസയിൽ കേന്ദ്രം സംരക്ഷണം ഉറപ്പാക്കണം: മാർ വിതയത്തിൽ (30-08-2008)

ഒറീസയിൽ കലാപത്തിനിരയായിക്കൊണ്ടിരിക്കുന്ന ക്രൈസ്തവർക്കു കേന്ദ്ര സർക്കാർ ഉടനടി സംരക്ഷണമുറപ്പാക്കണമെന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ ആവശ്യപ്പെട്ടു. ആന്ധ്രാപ്രദേശിൽ വധിക്കപ്പെട്ട സിഎംഐ സഭാ വൈദികനായ ഫാ.തോമസ് പാണ്ടിപ്പള്ളിയേയും ഒറീസയിൽ പീഡനത്തിനിരയായ ക്രൈസ്തവരേയും അനുസ്മരിക്കുന്നതിനു വേണ്ടി സിഎംഐ സഭയുടെ ആഭിമുഖ്യത്തിൽ കാക്കനാട് ചാവറ ഹിൽസിൽ നടത്തിയ ദിവ്യബലിക്കു ശേഷം സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ഒറീസയിലെ ക്രൈസ്തവർക്ക് വേണ്ടത്ര സംരക്ഷണം നൽകുന്നതിൽ കേന്ദ്രത്തിന് വീഴ്ചവന്നിട്ടുണ്ട്. കഴിഞ്ഞ ഡിസംബറിലും ഒറീസയിൽ ക്രൈസ്തവർക്കെതിരേ അക്രമങ്ങൾ നടന്നിരുന്നു.

മതപരിവർത്തനത്തിന്റെ പേരിൽ അക്രമം അഴിച്ചു വിടുന്നവർ കത്തോലിക്കാ സഭ ആരെയും മതപരിവർത്തനം നടത്തുന്നില്ലെന്നു മനസിലാക്കണം. സുവിശേഷം അറിയിക്കുക മാത്രമാണു തങ്ങൾ ചെയ്യുന്നത്. മതപരിവർത്തന നിരോധന ബിൽ കാട്ടി മതമൗലിക വാദികളുടെ പിന്തുണയോടെ ഭരിക്കുന്ന സർക്കാരുകൾ ഭീഷണിപ്പെടുത്തിയാൽ കത്തോലിക്കാ സഭ പേടിക്കില്ലെന്നും കർദിനാൾ വിതയത്തിൽ വ്യക്തമാക്കി. ഉദാത്തമായ ക്രൈസ്തവ സാക്ഷ്യമാണ് ഫാ.തോമസ് പാണ്ടിപ്പള്ളി തന്റെ രക്തസാക്ഷിത്വത്തിലൂടെ ലോകത്തിനു നൽകിയിരിക്കുന്നതെന്ന് തിരുവല്ലാ ആർച്ച് ബിഷപ് ഡോ.തോമസ് മാർ കൂറിലോസ് വ്യക്തമാക്കി. ഒറീസയിലെ സഭയുടെ ഉയിർത്തെഴുന്നേൽപ്പിന് ഫാ.തോമസ് പാണ്ടിപ്പള്ളിയുടെ രക്തസാക്ഷിത്വം കാരണമാകുമെന്ന് വരാപ്പുഴ അതിരൂപതാ സഹായമെത്രാൻ ഡോ.ജോസഫ് കാരിക്കശേരി പറഞ്ഞു. സിഎംഐ സഭാ പ്രിയോർ ജനറൽ ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ സ്വാഗതമാശംസിച്ചു.ഛാന്ദാ ബിഷപ് മാർ വിജയാനന്ദ് നെടുംമ്പുറം, രാജ്കോട്ട് ബിഷപ് മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ, സത്ന ബിഷപ് മാർ മാത്യു വാണിയക്കിഴക്കേൽ, സാഗർ ബിഷപ് മാർ ആന്റണി ചിറയത്ത്, ഗോരഖ്പൂർ ബിഷപ് മാർ തോമസ് തുരുത്തിമറ്റം, സത്നാ മുൻ ബിഷപ് മാർ ഏബ്രഹാം ഡി.മറ്റം, എംസിബിഎസ് സുപ്പീരിയർ ജനറൽ ഫാ.ജോർജ് കിഴക്കേമുറി, സിഎസ്ടി സുപ്പീരിയർ ജനറൽ ഫാ.ജോസഫ് ചാത്തനാട്ട്, വിൻസെൻഷ്യൻ സുപ്പീരിയർ ജനറൽ ഫാ.വർഗീസ് പുതുശേരി, എഫ്സിസി മദർ ജനറൽ സിസ്റ്റർ സീലിയ, അഡ്വ.ചാർളി പോൾ എന്നിവർ പ്രസംഗിച്ചു. ഫാ. ജോസ് കുറിയേടത്ത് നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് അനുശോചന പ്രമേയവും അവതരിപ്പിച്ചു.

## 07. കത്തോലിക്കാ യുവജന സംഘടനകൾ പ്രതിഷേധ പ്രകടനം നടത്തി

ഒറീസയിൽ ക്രൈസ്തവരെ ക്രൂരമായി മർദിക്കുകയും ചുട്ടുകൊല്ലുകയും പള്ളികൾ ഉൾപ്പെടെയുള്ള ക്രൈസ്തവ സ്ഥാപനങ്ങൾ ആക്രമിച്ച് നശിപ്പിക്കുകയും ചെയ്യുന്ന അക്രമികളെ അമർച്ച ചെയ്യണമെന്നും അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെട്ട് കത്തോലിക്ക യുവജന സംഘടനകളുടെ നേതൃത്വത്തിൽ അങ്കമാലിയിൽ വമ്പിച്ച പ്രതിഷേധ പ്രകടനം നടത്തി.

കെ.സി.വൈ.എം, ചെറുപുഷ്പ മിഷൻലീഗ്, സി.എൽ.സി എന്നീ സംഘടനകളുടെ നേതൃത്വത്തിലാണ് പ്രകടനം നടത്തിയത്. ഒറീസയിൽ മിഷണറികളായി പ്രവർത്തനം നടത്തുന്ന വൈദികർക്കും സിസ്റ്റേഴ്സിനും അത്മായർക്കും ആവശ്യമായ സംരക്ഷണം നൽകണമെന്നും ആക്രമണങ്ങളിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകണമെന്നും യുവജന സംഘടനകൾ ആവശ്യപ്പെട്ടു.

### 08. ഒറീസയിലെ നരവേട്ടയിൽ സഭ ദുഃഖിക്കുന്നു: തോമസ് പ്രഥമൻ കാതോലിക്കാബാവ (05-09-2008)

ഭാരതത്തിന്റെ ചില ഭാഗങ്ങളിൽ ഉണ്ടാകുന്ന അനുഭവങ്ങളിൽ വേദനിക്കുന്നതായും നരവേട്ടയിൽ സഭ ദുഃഖിക്കുന്നതായും ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാബാവ. ഒറീസയിൽ നടക്കുന്നത് മനുഷ്യരല്ലാത്തവരുടെ നരവേട്ടയാണ്. എന്നാൽ, ഈ രീതിയിലുള്ള പെരുമാറ്റത്തെ ചെറുത്തു തോല്പിക്കേണ്ടതു കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ്. ഇവർ ഫലപ്രദമായി ഈ കടമ നിർവഹിക്കുന്നില്ല. ഒറീസയിലെ നരവേട്ടയിൽ സഭ ദുഃഖിക്കുന്നതായും ബാവ പറഞ്ഞു. പള്ളിയോടു ചേർന്ന് സ്ഥാപിച്ച ദ്രവമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനോദ്ഘാടനം ഗതാഗതവകുപ്പുമന്ത്രി മാത്യു ടി.തോമസ് നിർവഹിച്ചു. സംസ്ഥാനം നേരിടുന്ന വലിയ പ്രശ്നമായി മാലിന്യ പ്രശ്നം മാറിയിട്ടുണ്ടെന്ന് മന്ത്രി മാത്യു ടി.തോമസ് പറഞ്ഞു.മണർകാട്ടെ എട്ടുനോമ്പു പെരുന്നാൾ മതേതരത്വത്തിന്റെ പ്രതികമാണെന്നും ഇതിനെ ഭാരത ചൈതന്യത്തിന്റെ നിറകുടമായി കാണുന്നുവെന്നും മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. സേവാ സംഘം നിർമിച്ചു നൽകുന്ന ഭവനങ്ങളുടെ അടിസ്ഥാന ശില വിതരണം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി. ഒറീസ സംഭവം ദുഃഖകരവും വേദനജനകവുമാണന്ന് പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി. മണർകാട് പെരുന്നാൾ ഇടവകയുടെ മാത്രം പെരുന്നാളല്ലെന്നും നാടിന്റെ ഉത്സവമാണെന്നും ഉമ്മൻചാണ്ടി പറഞ്ഞു.

### 09. സമർപ്പിതർക്കെതിരെ ചില രാഷ്ട്രീയ ശക്തികൾ കുത്സിത പ്രവർത്തനം നടത്തുന്നു: ബിഷപ് ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ. (05-09-2008)

സമർപ്പിതർക്കെതിരെ ചില രാഷ്ട്രീയ ശക്തികൾ കുത്സിത പ്രവർത്തനം നടത്തുന്നുവെന്ന് കേരള റീജിയൻ ലാറ്റിൻ കാത്തലിക് ബിഷപ്സ് കൗൺസിൽ (കെ.ആർ.എൽ.സി.ബിസി) ക്ലർജി ആന്റ് റിലീജിയസ് കമ്മീഷൻ ചെയർമാൻ കണ്ണൂർ ബിഷപ് ഡോ. വർഗ്ഗീസ് ചക്കാലക്കൽ. കെആർഎൽസി ബിസി ക്ലർജി ആന്റ് റിലീജിയസ് കമ്മീഷന്റെ നേതൃത്വത്തിൽ പാലാരിവട്ടം പിഒസിയിൽ ഇന്നലെ ചേർന്ന കേരളത്തിലെ ലത്തീൻ രൂപതകളിലെ സന്യസ്ത സംഗമത്തിൽ അധ്യക്ഷം വഹിക്കുകയായിരുന്നു അദ്ദേഹം.

ന്യൂനപക്ഷമായ ക്രിസ്ത്യാനികൾ ഭാരതത്തിനു നൽകിയ സംഭാവനകൾ മഹത്തരമാണ്. അതിനു കാരണമായത് സമർപ്പിതരുടെ നിസ്തുല സേവനമാണ്. ഇക്കാര്യം തമസ്ക്കരിച്ചുകൊണ്ടും ചില സംഭവങ്ങൾ പർവതീകരിച്ചു കൊണ്ട് സമർപ്പിതരുടെ മേൽ ചെളിവാരിയെറിയുകയാണ് ചില രാഷ്ട്രീയ കക്ഷികളും മാധ്യമങ്ങളുമെന്ന് ബിഷപ് ആരോപിച്ചു.

സിസ്റ്റർ അനുപമേരിയുടെ മരണം സഭയ്ക്കും സമൂഹത്തിനും മാനഹാനിയുണ്ടാക്കിയെങ്കിലും ഈ സംഭവം ക്രിസ്തുവിന്റെ സഹനത്തിൽ പങ്കാളിയാകാൻ തങ്ങൾക്ക് ഭാഗ്യം നൽകിയതായി സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് വിമലഹൃദയ സഭാ സുപ്പീരിയർ ജനറൽ മദർ ബോണിഫസ് മേരി പറഞ്ഞു. സന്യസ്ത സഭകളും വെല്ലുവിളികളും എന്നതായിരുന്നു സംഗമത്തിലെ വിഷയം. ഒറീസ്സയിൽ ക്രൈസ്തവർ നേരിടുന്ന പ്രതിസന്ധികൾ, സന്യസ്തർ നേരിടുന്ന വെല്ലുവിളികൾ, പുതിയകർമ പദ്ധതികൾ എന്നിവ സെമിനാറിൽ ചർച്ച ചെയ്തു. ക്ലർജി ആന്റ് റിലിജിയസ് കമ്മീഷൻ സെക്രട്ടറി റവ. ഡോ. ഷാജി ജെർമ്മൻ, പി.ഒ.സി ഡയറക്ടർ റവ. ഡോ. സ്റ്റീഫൻ ആലത്തറ, മദർ ഡാഫ്നി, മദർ റേച്ചൽ, മദർ കരോളിൻ. റവ. ഡോ. ജോൺ ബാപ്റ്റിസ്റ്റ്, സിസ്റ്റർ ടെൽമ, റവ. ഡോ. ആന്റണി പിൻഹീറോ, ഫാ. ജോൺ ആട്ടുള്ളിൽ എന്നിവർ പ്രസംഗിച്ചു.